തിരുവനന്തപുരം നഗരസഭ

# എന്റെ നഗരം

ന്യൂസ് ലെറ്റർ

Volume: 01/Issue : 03

2023 മാർച്ച്

## സ്വരാജ് ട്രോഫി പുരസ്കാര നിറവിൽ തിരുവനന്തപുരം നഗരസഭ.




രണ്ട് വർഷത്തെ വികസനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഈ വർഷത്തെ **സ്വരാജ് ട്രോഫി പുരസ്കാരം** നഗരസഭയ്ക്ക് ലഭിച്ച വിവരം എല്ലാവരും അറിഞ്ഞിട്ടുണ്ടാകുമല്ലോ. ഇതാദ്യമായാണ് സ്വരാജ് ട്രോഫി പുരസ്കാരം നഗരസഭയെ തേടിയെത്തുന്നത്. ജനങ്ങൾ നഗരസഭ കൗൺസിലിൽ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം നിങ്ങളോടൊപ്പം പങ്കിടുന്നു. കഴിഞ്ഞ മാസം നിരവധി വികസനക്ഷേമ പ്രവർത്തനങ്ങളാണ് നഗരസഭയിൽ നടന്നത്. കായിക മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് നഗരസഭ നടപ്പിലാക്കിയ ഒരാഴ്ച നീണ്ടുനിന്ന ബീച്ച് ഗെയിംസ് നഗരത്തിലെ കായിക പ്രേമികൾക്ക് ഒരു നല്ല വിരുന്നായിരുന്നു നൽകിയത്. കൂടാതെ വയോജനോത്സവം, ഭിന്നശേഷി കുട്ടികൾക്കായുള്ള കലോത്സവം എന്നിവ മികച്ചരീതിയിൽ സംഘടിപ്പിച്ചു.

തിരുവനന്തപുരം നഗരത്തെ ഒരു നവനഗരമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് നാം മുന്നോട്ട് പോകുന്നത്. ഈ പ്രയാണത്തിൽ ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രഥമ സ്വരാജ് ട്രോഫി പുരസ്കാരം ജനങ്ങൾക്കായി സമർപ്പിക്കുന്നു. ജനക്ഷേമ പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുക്കാൻ ഈ നേട്ടം ഞങ്ങൾക്ക് പ്രചോദനമാകും.

**ആര്യ രാജേന്ദ്രൻ.എസ്**
മേയർ, തിരുവനന്തപുരം
നഗരസഭ



സംസ്ഥാന സർക്കാർ മികവാർന്ന പ്രവർത്തനങ്ങൾ നടത്തുന്ന പ്രാദേശിക സർക്കാറുകൾക്ക് നൽകുന്ന അവാർഡിന്റെ ഭാഗമായി 2021 – 22 ലെ മികച്ച കോർപ്പറേഷനുള്ള അവാർഡിന് തിരുവനന്തപുരം നഗരസഭ ആദ്യമായി അർഹമാകുകയും **സ്വരാജ് ട്രോഫി – 2023** പുരസ്കാരം ലഭിക്കുകയും ചെയ്തു. 2021 – 22 വർഷത്തിൽ വിവിധ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നിർണ്ണയിച്ചിട്ടുള്ളത്. പാലക്കാട് തൃത്താലയിൽ വച്ച് നടന്ന തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി 2023 ഫെബ്രുവരി 19 ന് സ്വരാജ് ട്രോഫിയും, സമ്മാനത്തുകയായ 50 ലക്ഷം രൂപയും, സാക്ഷ്യപത്രവും ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയിൽ നിന്നും മേയർ ആര്യ രാജേന്ദ്രൻ. എസ്, നഗരസഭാസെക്രട്ടറി ബിനുഫ്രാൻസിസ് എന്നിവർ ഏറ്റുവാങ്ങി.

2021 – 22 സാമ്പത്തിക വർഷം നഗരസഭയ്ക്കും, ഭരണസമിതിയ്ക്കും എല്ലാ മേഖലകളിലും മികവ് തെളിയിക്കാൻ കഴിഞ്ഞു എന്നതാണ് നഗരസഭയെ ഈ അവാർഡിന് അർഹമാക്കിയത്.



## നഗരസഭയെ സ്വരാജ് ട്രോഫിയ്ക്ക് അർഹമാക്കിയ പ്രവർത്തനങ്ങൾ

1. ഇ–ഗവേണൻസ് വഴി ഭരണരംഗത്ത് മികവ് തെളിയിച്ച സ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഇ–സിറ്റിസൺ സർവ്വീസ് ഡെലിവറി രംഗത്ത് ഒന്നാം സ്ഥാനം തിരുവനന്തപുരം നഗരസഭയ്ക്ക്.

2. മികച്ച ഭിന്നശേഷി സൗഹൃദ നഗരസഭയ്ക്കുള്ള സംസ്ഥാന സർക്കാർ പുരസ്കാരം തിരുവന്തപുരം നഗരസഭയ്ക്ക് ലഭിച്ചു. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിന്റെ ഭാഗമായാണ് നഗരസഭയ്ക്ക് പുരസ്കാരം ലഭിച്ചത്.

3. എറണാകുളത്ത് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗ്ലോബൽ എക്സ്പോ 2023 ലെ ഏറ്റവും മികച്ച ഹരിതകർമ്മസേന പ്രവർത്തനത്തിനുള്ള അവാർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ചു.

4. വ്യവസായ വകുപ്പിന്റെ **'ഒരുവർഷം ഒരുലക്ഷം സംരംഭം'** എന്ന പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സംരംഭങ്ങൾ തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപനം എന്നതിൽ തിരുവനന്തപുരം നഗരസഭ ഒന്നാമതെത്തി. ഒരുവർഷത്തിൽ 2566 സംരംഭങ്ങളും 232 കോടിയുടെ നിക്ഷേപവും 6600 ൽ പരം തൊഴിലവസരങ്ങളും നഗരസഭയ്ക്ക് സൃഷ്ടിക്കാനായതാണ് നഗരസഭയെ പുരസ്കാരത്തിന് അർഹമാക്കിയത്.

5. ഡിജിറ്റൽ ഇന്ത്യയുടെ 75 വിജയകഥകളുടെ റിപ്പോർട്ടിൽ തിരുവനന്തപുരം നഗരസഭയുടെ ഓൺലൈൻ സെപ്റ്റേജ് മാലിന്യശേഖരണ സംവിധാനത്തിന് അംഗീകാരം ലഭിച്ചു.

6. കേന്ദ്ര സർക്കാർ ധനകാര്യമന്ത്രാലയത്തിന്റെ അംഗീകാരം തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ചു. 2021 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ GST കൃത്യമായി ഒടുക്കുകയും റിട്ടേൺ കൃത്യമായി ഫയൽ ചെയ്തതിനുമാണ് ധനകാര്യ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചത്.

7. പ്ലാൻ ഫണ്ട് 95 ശതമാനം ചെലവഴിച്ചതും ലൈഫ് പദ്ധതിയിൽ ഏറ്റവുമധികം വീടുകൾ നിർമ്മിച്ചതും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതും (1.72 ലക്ഷം) തിരുവനന്തപുരം നഗരസഭയ്ക്ക് സ്വരാജ് ട്രോഫി അവാർഡ് ലഭിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

8. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുത്തതും പരിഗണിച്ചു.

9. സുസ്ഥിര ഖരമാലിന്യ സംസ്കരണത്തിന്റെ മികച്ച മാതൃകയ്ക്ക് നീതി ആയോഗിന്റെ അഭിനന്ദനം.

10. ട്രേഡ് ലൈസൻസ് എല്ലാം ഓൺലൈൻ ആക്കിയതും സിറ്റിസൺ പോർട്ടലിൽ 97% ത്തിലധികം സേവനങ്ങൾ നൽകിയതും, വസ്തു നികുതിയുടെ ഡാറ്റാ ബെയ്സ് മുഴുവൻ ഡിജിറ്റലൈസ് ചെയ്ത് 100% ഓൺലൈൻ ആക്കിയതും പരിഗണിക്കപ്പെട്ടു.

## പ്രീ-പ്രൈമറി നക്ഷത്രക്കൂടാരത്തിന്റെ ഉദ്ഘാടന കർമ്മം



പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുടവൻമുഗൾ എൽ.പി.സ്കൂളിലെ പ്രീ-പ്രൈമറി വിഭാഗം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി ഉത്ഘാടനം ചെയ്തു. സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ടു കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളവും ചേർന്ന് **'സ്റ്റാർസ്'** പദ്ധതിയുടെ ഭാഗമായിട്ടൊരുക്കിയ അത്യന്താധുനിക **പ്രീ-പ്രൈമറി 'നക്ഷത്രക്കൂടാരത്തിന്റെ' ഉദ്ഘാടന കർമ്മം** 2023 ഫെബ്രുവരി 10 വെള്ളിയാഴ്ച ബഹു. മേയർ ആര്യ രാജേന്ദ്രൻ. എസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. വിദ്യാഭ്യാസം തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി നിർവ്വഹിച്ചു.

## വലിയശാല എയ്റോബിക്ക് ബിന്നിന്റെയും നവീകരിച്ച പാറച്ചിറ പാർക്കും









തിരുവനന്തപുരം നഗരസഭ നിരവധിയായ ജനക്ഷേമ വികസന പ്രവർത്തനങ്ങളോടെ നിലവിലെ ഭരണസമിതി രണ്ട് വർഷം പൂർത്തിയാക്കുകയാണ്. വലിയശാല വാർഡിൽ നന്ദാവനം പാർക്കിന് പുറകിലായി നിർമ്മാണം പൂർത്തിയാക്കിയ എയ്റോബിക് ബിന്നിന്റെയും നന്ദാവനം പാർക്കിൽ സജ്ജമാക്കിയ ലൈറ്റിംഗ്, കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ എന്നിവയുടെയും നവീകരിച്ച പാറച്ചിറ പാർക്കിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. 2023 ഫെബ്രുവരി 4 ശനിയാഴ്ച ഡെപ്യൂട്ടി മേയർ ശ്രീ. പി. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ മേയർ ആര്യ രാജേന്ദ്രൻ.എസ് ഉദ്ഘാടനം നിർവ്വഹിച്ചു.

## കുറ്റിച്ചൽ-പുല്ലൈക്കോണം-പെരുന്തറ കൾവർട്ട് നാടിന് സമർപ്പിച്ചു








തിരുവനന്തപുരം നഗരസഭയുടെ 2022 – 23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുറ്റിച്ചൽ – പുല്ലൈക്കോണം – പെരുന്തറ കൾവർട്ടിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചു. നിർമ്മാണം പൂർത്തീകരിച്ച കുറ്റിച്ചൽ – പുല്ലൈക്കോണം – പെരുന്തറ കൾവർട്ടിന്റെ ഉദ്ഘാടനം 2023 ഫെബ്രുവരി 6 തിങ്കളാഴ്ച ബഹു.ഡെപ്യൂട്ടി മേയർ ശ്രീ.പി.കെ.രാജു അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങ് ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. തദവസരത്തിൽ ബഹു. എം.എൽ.എ ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുഖ്യാതിഥിയായി പങ്കെടുത്തു.

## വയോജനോത്സവം – 2023







തിരുവനന്തപുരം നഗരസഭയുടെ 2022 – 23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വയോജനോത്സവം വയോജനങ്ങൾക്കുള്ള ശാരീരിക മാനസിക ഉല്ലാസത്തിനായി നഗരസഭാതലത്തിൽ വയോജന ങ്ങളുടെ കലാപരിപാടികൾ ഉൾപ്പെടെ സംഘടിപ്പിച്ചു. ജീവിത സായാഹ്നത്തിൽ വയോജനങ്ങളുടെ വിവിധ കലാപരിപാടികൾ ഉൾപ്പെടെ സംഘടിപ്പിക്കുന്ന രീതിയിലാണ് വയോജനോത്സവം – 2023 വിഭാവനം ചെയ്തത്. 11.02.2023 ശനിയാഴ്ച കോട്ടൺഹിൽ സ്കൂളിൽ വെച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷൻ എസ്.സലിം ന്റെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ.രാജു ഉദ്ഘാടനം നിർവ്വഹിച്ചു.

## ശംഖുമുഖം ബീച്ച് ഗെയിംസ്









തിരുവനന്തപുരം നഗരസഭ കായിക മേഖലയുടെ മുന്നേറ്റം ലക്ഷ്യമിട്ട് സംഘടിപ്പിച്ച അഭിമാന പദ്ധതിയാണ് തിരുവനന്തപുരം ശംഖുമുഖത്തെ **ബീച്ച് ഗെയിംസ്**. കായിക മേഖലയുടെ ശാക്തീകരണത്തിനായി നഗരസഭാതല ബീച്ച് ഗെയിംസ് 2023 ഫെബ്രുവരി 16 മുതൽ 24 വരെ സംഘടിപ്പിച്ചു. വാർഡുകളിൽ നിന്നും രജിസ്റ്റർ ചെയ്ത ഫുട്ബോൾ, വോളിബോൾ ടീമുകൾക്കായി ഫ്ളെഡ് ലൈറ്റിൽ ആണ് പരിപാടി സംഘടിപ്പിച്ചത്. നഗരസഭാതല **ബീച്ച് ഗെയിംസിന്റെ ഉദ്ഘാടനം** 2023 ഫെബ്രുവരി 16–ാം തീയതി ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് ന്റെ അദ്ധ്യക്ഷതിൽ ബഹു. സ്പോർട്സ് വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹ്മാൻ നിർവ്വഹിച്ചു. ബഹു. ഗതാഗത വകുപ്പ് മന്ത്രി അഡ്വ.ആന്റണി രാജു മുഖ്യാതിഥിയായി പങ്കെടുത്തു.

ഫുട്ബോൾ മത്സര വിജയികൾക്ക് മുൻ ഫുട് ബോളറും വെട്ടുകാട് സ്വദേശിയുമായ തോമസ് സെബ്സ്റ്റ്യൻ മെമ്മോറിയൽ ട്രോഫിയും, 25000 രൂപയും, രണ്ടാം സമ്മാനമായി 10000 രൂപയും ട്രോഫിയും. വോളി ബോൾ വിജയികൾക്ക് മുൻ ഇന്ത്യൻ വോളിബോൾ ക്യാപ്റ്റനും, അർജ്ജുന അവാർഡ് ജേതാവുമായ കെ. ഉദയകുമാർ മെമ്മോറിയൽ ട്രോഫിയും 25000 രൂപയും, രണ്ടാം സമ്മാനമായി 10000 രൂപയും ട്രോഫിയും നൽകി.





ഫെബ്രുവരി 22–ാം തീയതി നഗരസഭാ ജീവനക്കാരും കൗൺസിലർമാരും തമ്മിലുള്ള സൗഹൃദ മത്സരം സംഘടിപ്പിച്ചു. സൗഹൃദ മത്സരം ഉദ്ഘാടനം ബഹു. പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. 24–ാം തീയതി നടന്ന ബീച്ച് ഗെയിംസിന്റെ സമാപന സമ്മേളനം പ്രശസ്ത മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ ശ്രീ. ഐ. എം. വിജയൻ ഉദ്ഘാടനം നടത്തി സമ്മാനദാനം നിർവ്വഹിച്ചു. തിരുവനന്തപുരം നഗരത്തിന്റെ കായിക മേഖലയുടെ പുത്തൻഉണർവ്വിനും തീരദേശ മേഖലയിലെ കായിക വളർച്ച യ്ക്കും നഗരസഭ സംഘടിപ്പിച്ച ബീച്ച് ഗെയിംസിലൂടെ കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# മികച്ച ഫുട്ബോൾ സ്റ്റേഡിയങ്ങളിൽ ഒന്നായി മാറും അനന്തപുരി സ്റ്റേഡിയം










നഗരത്തിലെ വളർന്നുവരുന്ന യുവകായിക താരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തൽ പരിശീലനം നടത്തുന്നതിനു വേണ്ടിയാണ് സ്റ്റേഡിയം നിർമ്മാണത്തിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതി പൂർത്തിയാകുന്നതോടു കൂടി തിരുവനന്തപുരം നഗരത്തിലെ ഏറ്റവും മികച്ച ഫുട്ബോൾ സ്റ്റേഡിയങ്ങളിൽ ഒന്നായി മാറും അനന്തപുരി സ്റ്റേഡിയം. അമ്പലത്തറ വാർഡിലെ ഈ കായിക പദ്ധതിയുടെ ഉദ്ഘാടനം 2023 ഫെബ്രുവരി 26–ാം തീയതി ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് ന്റെ അദ്ധ്യക്ഷതയിൽ ബഹു. വിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി.ശിവൻകുട്ടി നിർവ്വഹിച്ചു.

# 'കനിവ്' കലോത്സവം – 2023







നഗരപരിധിയിലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്കായി നഗരസഭ കലോത്സവം സംഘടിപ്പിച്ചു. തിരുവനന്തപുരം നഗരസഭുടെ സാമൂഹ്യക്ഷേമ പ്രവർത്തന ങ്ങളിലെ സവിശേഷമായ പദ്ധതിയാണ് '**കനിവ്**'. 2023 ഫെബ്രുവരി 4–ാം തീയതി തമ്പാനൂർ എസ്.എം.വി സ്കൂളിൽ വെച്ച് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള കലോത്സവം – കനിവ് 2023 ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ.രാജുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. മേയർ ആര്യ രാജേന്ദ്രൻ. എസ് ഉദ്ഘാടനം നിർവ്വഹിച്ചു.



## യോഗ പരിശീലനം

നഗരസഭാ പരിധിയിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ശാരീരിക മാനസിക പുരോഗതി ലക്ഷ്യമാക്കി വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം നൽകുന്നു. വിദ്യാർത്ഥികളുടെ ബൗദ്ധിക, മാനസ്സിക, ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുവാനും, ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുമാണ് യോഗയിലൂടെയും മെഡിറ്റേഷനിലൂടെയും ലക്ഷ്യമിടുന്നത്. 2022 – 23 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത 5 സർക്കാർ സ്കൂളുകളിലെ 268 വിദ്യാർത്ഥികൾക്ക് 60 ദിവസമാണ് പരിശീലനം നൽകുന്നത്.

## 20 വർക്കിംഗ് ഗ്രൂപ്പുകളുടെ ജനറൽ ബോഡി യോഗം

തിരുവനന്തപുരം നഗരസഭ 2023 – 24 വാർഷിക ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് 20 വർക്കിംഗ് ഗ്രൂപ്പുകളുടെ ജനറൽ ബോഡി യോഗം വഴുതക്കാട് ഫ്രീമാസൺ ഹാളിൽ വെച്ച് 23. 02. 2023 ന് സംഘടിപ്പിച്ചു. വാർഡ് കൗൺസിലർമാർ, നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, വിവിധ വകുപ്പ് തലവന്മാർ, ആസൂത്രണ സമിതി അംഗങ്ങൾ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.




## 'ഞങ്ങളും കൃഷിയിലേയ്ക്ക്' ഉള്ളൂർ കൃഷിഭവൻ



തിരുവനന്തപുരം നഗരസഭ ജനകീയാസൂത്രണം 2022 – 23 പദ്ധതിയിൽ ഉൾപ്പെടുത്തി ഉള്ളൂർ കൃഷിഭവൻ നടപ്പാക്കുന്ന ഞങ്ങളും കൃഷിയിലേയ്ക്ക് സമഗ്ര കാർഷിക വികസന പദ്ധതിയിൽ 20000 ൽ പരം കുടുബങ്ങളിലേയ്ക്ക് കൃഷി എത്തിക്കുന്നതിന്റെ ഭാഗമായി കിഴങ്ങുവർഗ്ഗ കിറ്റുകൾ, പച്ചക്കറി തൈകൾ, ചെറുധാന്യതൈകൾ, അലങ്കാര പുഷ്പച്ചെടികൾ, ഫവലൃക്ഷ തൈകൾ, സബ്സിഡി നിരക്കിലെ പോട്ടിംഗ് മിശ്രിതം നിറച്ച HPPE ചെടിച്ചട്ടികൾ, ജൈവ വളങ്ങൾ, കുറ്റിമുല്ല എന്നിവയുടെ വിതരണവും, ഹരിതാഭമാർന്ന ആക്കുളം കായലോരത്തോട് ചേർന്ന് രണ്ടര ഏക്കർ സ്ഥലത്ത് നെൽകൃഷി, ചെറുധാന്യങ്ങൾ, ഫവലൃക്ഷതൈകൾ എന്നിവയുടെ നടീലുൽഘാടനവും 2023 ഫെബ്രുവരി 13–ാം തീയതി ആക്കുളം ബോട്ട് ക്ലബ് അങ്കണത്തിൽ വച്ച് തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ രാജു വിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. മേയർ ശ്രീമതി. ആര്യ രാജേന്ദ്രൻ. എസ് നിർവ്വഹിച്ചു.

## കാച്ചാണി ഗവ. ഹൈസ്കൂളിൽ സ്പോർട്സ് ടർഫ്.





നഗര വികസനത്തിനായി മുന്നോട്ട് വെച്ച പദ്ധതികൾ ഓരോന്നും യഥാസമയം പൂർത്തീകരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട് ഇത്തരത്തിലുള്ള ഒരു അഭിമാന പദ്ധതിയാണ് കാച്ചാണി ഗവ. ഹൈസ്കൂളിൽ പൂർത്തീകരിച്ചിട്ടുള്ള സ്പോർട്സ് ടർഫ്. എല്ലാ കായിക വിനോദങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടർഫിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.

നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ടർഫിന്റെ ഉദ്ഘാടനം 2023 ഫെബ്രുവരി 8-ാം തീയതി ബഹു. മേയർ ആര്യ രാജേന്ദ്രൻ. എസ് നിർവ്വഹിച്ചു. ബഹു. എം. എൽ. എ. അഡ്വ. വി. കെ. പ്രശാന്ത് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ ബഹു. ഡെപ്യൂട്ടി മേയർ ശ്രീ. പി. കെ. രാജു അദ്ധ്യക്ഷത വഹിച്ചു.

## അറിയിപ്പ്

തിരുവനന്തുപരം നഗരസഭ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിൽ സർക്കാർ അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകൾ 2023 ഏപ്രിൽ 05 മുതൽ ആരംഭിക്കുന്നു. ജനറൽ വിഭാഗത്തിന് 75 ശതമാനവും പട്ടികജാതി വിഭാഗത്തിന് 100 ശതമാനവും കോഴ്സ് ഫീസ് സൗജന്യമാണ്. വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം നഗരസഭ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുമായി ബന്ധപ്പെടുകയോ നഗരസഭ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**ഫോൺ നമ്പർ: 0471 – 2336 744, 2336 980**

എഡിറ്റോറിയൽ കമ്മിറ്റി
ചീഫ് എഡിറ്റർ : ആര്യ രാജേന്ദ്രൻ.എസ് (മേയർ)
എഡിറ്റർ : ബിനു ഫ്രാൻസിസ് (നഗരസഭ സെക്രട്ടറി)
എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങൾ

: ശ്രീ.പി.കെ.രാജു (ബഹു. ഡെപ്യൂട്ടി മേയർ)
: കുമാരി. ആതിര.എൽ.എസ് (ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീ. എസ്.സലിം (ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീമതി. പി.ജമീല ശ്രീധരൻ (ചെയർപേഴ്സൺ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീ. മേടയിൽ വിക്രമൻ (ചെയർമാൻ, മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീമതി. ജിഷ ജോൺ (ചെയർപേഴ്സൺ, നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി)
: ഡോ. റീന.കെ.എസ് (ചെയർപേഴ്സൺ, വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ഡോ.സി.അനിൽകുമാർ (പി.എ.ടു.മേയർ)

Designing & Printed at: RC Corporation of Thiruvananthapuram, Phone 2336864